പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5783

28.03.2018-ൽ മറുപടിയ്ക്ക്

## അട്ടക്കുളങ്ങര ഭാഗത്തെ അനധികൃത പാർക്കിംഗ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. എം. ഷാജി | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | തലസ്ഥാന നഗരിയിൽ അട്ടക്കുളങ്ങര മുതൽ കമലേശ്വരം ആറ്റുകാൽ വരെയുള്ള റോഡിന്റെ വശങ്ങളിലുള്ള ഹോട്ടൽ, ജ്യൂസ് കടകൾക്ക് മുന്നിലെ പാർക്കിംഗ് റോഡിലുണ്ടാക്കുന്ന ഗതാഗത തടസ്സം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; | (എ) | സ്ഥിരമായി ഗതാഗത തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ കഴിഞ്ഞ ആറുമാസം ഈ മേഖലയിൽ നിന്ന് എന്ത് തുക അനധികൃത പാർക്കിംഗിന്റെ പേരിൽ പിഴയായി പിരിച്ചെടുത്തു എന്ന് അറിയിക്കുമോ ; | (ബി) | 183 വാഹന ഉടമകളിൽ നിന്നും 18,300/- രൂപ തുകയായി ഈടാക്കിയിട്ടുണ്ട്. |
| (സി) | ഈ മേഖലയിൽ പിഴ ഈടാക്കേണ്ട ട്രാഫിക് പോലീസ് ഉദ്യോഗസ്ഥർ ഇത്തരം സ്ഥാപനങ്ങളുടെ മുന്നിലെ പാർക്കിംഗ് ബോധപൂർവ്വം കണ്ടില്ലെന്ന് നടിക്കുകയും പകരം നിസ്സാര കാര്യങ്ങൾക്ക് പോലും വൃദ്ധരും രോഗികളുമായ ടൂവീലർ യാത്രക്കാർക്ക് പോലും പിഴയിടുന്നതും നീതീരഹിതമായതിനാൽ പ്രസ്തുത നടപടികൾ നീതിയുക്തമാക്കാൻ കർശന നിർദ്ദേശം നൽകുമോ? | (സി) | മേൽപ്പറഞ്ഞ ഭാഗങ്ങളിൽ കാൽനട യാത്രക്കാർക്കും വാഹന ഗതാഗതത്തിനും തടസ്സമുണ്ടാകാതിരിക്കുവാനും പ്രസ്തുത സ്ഥാപനങ്ങളുടെ മുമ്പിലെ അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതിനും പോലീസുദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അനധികൃത പാർക്കിംഗ് ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു |

വരുന്നതും പ്രസ്തുത മേഖലകളിൽ
ഡ്യൂട്ടി നോക്കി വരുന്ന
പോലീസുദ്യോഗസ്ഥർ
നീതിനിർവ്വഹണത്തിൽ വീഴ്ച
വരുത്തിയാൽ കുറ്റക്കാരായ
പോലീസുദ്യോഗസ്ഥർക്കെതിരെ
കർശന നടപടികൾ
സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ